"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് _ പ്രവാസികൾക്ക് ഓൺലൈനായി പോർട്ടൽ /വിർച്ച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയ ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.1433/2022/LBR തീയതി,തിരുവനന്തപുരം, 07-12-2022

---

പരാമർശം:- 1. 23/02/2022 ലെ സ.ഉ.(സാധാ)നം.217/2022/തൊഴിൽ ഉത്തരവ്

2. എംപ്ലോയ്മെന്റ് ഡയറക്ടറുടെ 05/11/2022 ലെ ക്യൂ1/902/2022/ഡിഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പ്രവാസികൾക്ക് ഓൺലൈനായി പോർട്ടൽ/വിർച്ച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. ടി ഉത്തരവ് പ്രകാരം തൊഴിൽ നഷ്ടം സംഭവിച്ച് മടങ്ങി വന്ന വിദേശ മലയാളികൾ (NRI returnee), നിലവിൽ വിദേശത്ത് ജോലി ചെയ്യുന്ന മലയാളികൾ ((NRI), കേരളത്തിന് പുറത്ത് ജോലി ചെയ്യുന്ന മലയാളികൾ (NRK), എന്നി വിഭാഗങ്ങൾക്കാണ് പ്രവാസികൾക്കായുള്ള ഓൺലൈൻ പോർട്ടൽ/വിർച്ച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ സാധ്യമാകുന്നത്. എന്നാൽ കേരളത്തിന് പുറത്ത് ജോലി ചെയ്യുന്ന മലയാളികൾ (NRK) തൊഴിൽ നഷ്ടം സംഭവിച്ച് തിരികെ വന്നാൽ (NRK returnee) അത്തരത്തിൽ ഉള്ളവരെ രജിസ്റ്റർ ചെയ്യുന്നതിനു നിലവിൽ സാധിക്കുന്നില്ല. ആയതിനാൽ കേരളത്തിന് പുറത്ത് ജോലി ചെയ്യുന്ന മലയാളികളിൽ തൊഴിൽ നഷ്ടം സംഭവിച്ച് മടങ്ങി വരുന്നവരെ (NRK Returnees) കൂടി ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയ ഉത്തരവ് ഭേദഗതി വരുത്തി നൽകണമെന്ന് പരാമർശം (2) പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എംപ്ലോയ്മെന്റ് ഡയറക്ടർ അപേക്ഷിച്ചതിൻ പ്രകാരം, തൊഴിൽ നഷ്ടം സംഭവിച്ച മടങ്ങി വന്ന വിദേശ മലയാളികൾ (NRI returnee), നിലവിൽ വിദേശത്ത് ജോലി ചെയ്യുന്ന മലയാളികൾ ((NRI), കേരളത്തിന് പുറത്ത് ജോലി ചെയ്യുന്ന മലയാളികൾ (NRK), എന്നി വിഭാഗങ്ങൾക്കു പുറമേ തൊഴിൽ നഷ്ടം സംഭവിച്ച് മടങ്ങി വന്ന കേരളത്തിന് പുറത്ത് ജോലി ചെയ്യുന്ന മലയാളികൾക്കു (NRK returnee) കൂടി പ്രവാസികൾക്കായുള്ള ഓൺലൈൻ പോർട്ടൽ/വിർച്ച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ സാധ്യമാകുന്ന വിധത്തിൽ പരാമർശം (1) ലെ ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

Q1
9/12/22



Generated from eOffice by PRAVEEN KUMAR T.R, JEO (R2) DE, JEO(R2) DE, DE on 11/07/2023 11:40 AM

സ.ഉ.(സാധാ) നം.1433/2022/LBR

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനി ആന്റണി.ഐ.എ.എസ്
സെക്രട്ടറി

എംപ്ലോയ്മെന്റ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Kavitha I
Date: 07-12-2022 14:56:20
സെക്ഷൻ ഓഫീസർ



Generated from eOffice by PRAVEEN KUMAR T.R, JEO (R2) DE, JEO(R2) DE, DE on 11/07/2023 11:40 AM